കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക – 3.11 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2340/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,30.07.2015

പരാമർശം : 1. മമ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.08.2014 – ലെ എ.7388/13 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14416/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17.06.2015 – തിയതിയിലെ എൽ.എഫ്./പി.റ്റി3 /19094/14 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക – 3.11 പ്രകാരം, നിലവിലുള്ള സബ്സീഡി മാർഗരേഖകൾ പ്രകാരം കിണർ പുനരുദ്ധാരണത്തിന് 2000 രൂപയിൽ കൂടുതൽ നൽകുവാൻ വ്യവസ്ഥയില്ലെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ 67 പേർക്ക് ഈയിനത്തിൽ 5000 രൂപാ വീതം നൽകിയതു വഴി പഞ്ചായത്തിന് നഷ്ടമായ 2,01,000 രൂപാ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ മമ്പാട് ഗ്രാമ പഞ്ചായത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണെന്നും പട്ടിക ജാതി പട്ടിക വർഗ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ദാരിദ്ര്യമനുഭവിക്കുന്ന തദ്ദേശവാസികൾക്ക് കിണർ നിർമ്മാണം വൻബാധ്യതയായതിനാൽ തദ്ദേശവാസികൾക്ക് ആശ്വാസധനസഹായം എന്ന നിലയിലും ശുചിത്വമുള്ള ജലം ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക –

3.11 പ്രകാരമുള്ള നഷ്ടത്തുക ഈടാക്കുന്നതിന് സർചാർജ് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മമ്പാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പരാമർശം രണ്ട് കത്ത് പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക – 3.11 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മമ്പാട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ